# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2022/70

തിരുവനന്തപുരം
24.09.2022

സ്വീകർത്താവ്

ശ്രീ.കെ.കൃഷ്ണൻകുട്ടി
ബഹു.വൈദ്യുതി വകുപ്പ് മന്ത്രി
കേരള സർക്കാർ
തിരുവനന്തപുരം

സർ,

**വിഷയം : വൈദ്യുതി നിയമഭേദഗതി ബിൽ കേന്ദ്ര നിയമം ആകാത്ത സ്ഥിതിയ്ക്ക് – കൺകറന്റ് ലിസ്റ്റ് പ്രകാരം KSEBL നെ സ്വകാര്യവത്ക്കരിക്കില്ലായെന്ന് സംസ്ഥാന നിയമസഭയിൽ നിയമം പാസ്സാക്കുന്നത് സംബന്ധിച്ച്.**

വൈദ്യുതി നിയമഭേദഗതി ബിൽ പാർലമെന്റ് മുമ്പാകെ കഴിഞ്ഞ സെഷനിൽ വന്നപ്പോൾ പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ MP മാർ എതിർത്തതിന്റെ ഫലമായി പാർലമെന്റിലെ എനർജി സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ടിനായി വിട്ടതിനാൽ കേന്ദ്ര ഗവൺമെന്റിന് ബിൽ നിയമമാക്കാൻ സാധിക്കാതെ വന്നു. എന്നാൽ അടുത്ത സെഷനിൽ കേന്ദ്രം അതിനുള്ള ശ്രമം നടത്തും. വൈദ്യുതി നിയമ ഭേദഗതി ബിൽ 2020 നെതിരെ പ്രമേയം നിയമസഭയിൽ പാസ്സാക്കണമെന്ന് അങ്ങയോടും പ്രതിക്ഷനേതാവിനോടും അഭ്യർത്ഥിച്ചത് ഞങ്ങൾ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) മാത്രമാണ്. ഞങ്ങളുടെ നിർദ്ദേശം സ്വീകരിച്ച് സഭയിൽ പ്രമേയം അവതരിപ്പിച്ച് ഐക്യകണ്ഠേന പാസ്സാക്കിയെടുത്ത അങ്ങയെ സംഘടനയുടെ പേരിൽ അഭിനന്ദിക്കുന്നു.

ഈ അവസരത്തിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇലക്ട്രിസിറ്റി, (ഭരണഘടന Schedule VII, List 3) കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതിനാൽ കേന്ദ്രം നിയമമാക്കാത്ത കാര്യങ്ങളിൽ സംസ്ഥാനത്തിന് നിയമം ഉണ്ടാക്കാം. വൈദ്യുതി മേഖല പൂർണ്ണമായും സ്വകാര്യവത്ക്കരിക്കണമെന്ന് അമെന്റ്മെന്റ് ബില്ലിൽ പറയുന്നില്ലെങ്കിലും തത്വത്തിൽ അത് നടപ്പിലാക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയെന്ന് ബില്ലിലെ പരാമർശങ്ങളിൽ നിന്നും മനസ്സിലാകും. ഇനിയും ഇത് പുറത്തുവരുമ്പോൾ കൂടുതൽ വ്യവസ്ഥകൾ ചേർത്താൽ പ്രശ്നമാകും.

പുതിയ യൂട്ടിലിറ്റീസിനെ തീരുമാനിക്കുവാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾക്കാണ്. എന്നാൽ ഈ കമ്മീഷൻ, പൊതു താല്പര്യം ഇൾപ്പെടുന്ന നയങ്ങളിൽ സംസ്ഥാന ഗവൺമെന്റ് നൽകുന്ന direction നടപ്പിലാക്കാൻ ബാധ്യസ്ഥരാണ്. (സെക്ഷൻ 108 വൈദ്യുതി നിയമം 2003)

വൈദ്യുതി പൊതു താല്പര്യമാണ്. കേരളം 100% വൈദ്യുതീകരണം നടന്ന സംസ്ഥാനമാണ്. കേരളത്തിലെ വൈദ്യുതി മേഖലയിലെ സ്വത്തുക്കൾ മുഴുവൻ ഗവൺമെന്റിന്റേതാണ്. അത് പൊതു മേഖലയാണ്. ആയതിനാൽ ഇത് പൊതു താല്പര്യമാണ്. ജനങ്ങളുടെ സ്വത്ത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ പാടില്ലായെന്നുള്ളത് പൊതുതാല്പര്യമാണ്. ആയതിനാൽ വൈദ്യുതി നിയമം 2003 സെക്ഷൻ 108 പ്രകാരവും സംസ്ഥാന ഗവൺമെന്റിന് അധിക അധികാരം ഉണ്ട്.

വൈദ്യുതി കൺകറന്റ് ലിസ്റ്റിൽപ്പെട്ടതിനാലും, യൂട്ടിലിറ്റീസിനെ തീരുമാനിക്കുവാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾക്ക് ആയതിനാലും, വൈദ്യുതി നിയമം 2003 സെക്ഷൻ 108 പ്രകാരം സംസ്ഥാന ഗവൺമെന്റിന് സംസ്ഥാന കമ്മീഷനുമേൽ പൊതുതാല്പര്യ വിഷയങ്ങളിൽ നിർദ്ദേശം നൽകാൻ അധികാരം ഉള്ളതിനാലും, കേന്ദ്രം ഈ വിഷയത്തിൽ നിയമം പാസ്സാക്കാത്തതിനാലും "KSEBL സ്വകാര്യവത്ക്കരിക്കില്ല" എന്ന നിയമം സംസ്ഥാന നിയമസഭയ്ക്ക് പാസ്സാക്കാവുന്നതും അത് നിയമപരമായി നിലനിക്കുന്നതുമാണെന്നാണ് ഞങ്ങൾക്ക് കിട്ടിയ നിയമോപദേശം. ആയതിനാൽ KSEB യെ സ്വകാര്യവത്ക്കരിക്കില്ല എന്ന് നിയമസഭയിൽ നിയമം പാസ്സാക്കുന്നതിനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്